ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"യേശുക്രിസ്തുവിന്റെ കൂട്ടായ്മ"
(തിരുവചന ചിന്തകൾ)

APRIL
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "യേശുക്രിസ്തുവിന്റെ കൂട്ടായ്മ" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 11

യേശുക്രിസ്തുവിന്റെ കൂട്ടായ്മ

(തിരുവചന ചിന്തകൾ)

എല്ലാകാലഘട്ടങ്ങളിലും ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിനായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന വളരെചെറിയഒരുകൂട്ടംമനുഷ്യർ ഉണ്ടായിരിക്കും. ഏതുഭാഷയിലും ഗോത്രത്തിലും സംസ്കാരത്തിലും ഇവരുണ്ടാവും. ആചെറിയകൂട്ടംദൈവത്തെ ആരാധിക്കുന്നവർ മാത്രം ആയിരിക്കണം എന്നില്ല. ദൈവത്തെകൂടാതെതങ്ങൾക്കു ജീവിക്കുവാൻ കഴിയുകയില്ല എന്നബോധ്യംഉള്ളവരാണ് അവർ . പരപ്രേരണകൾ കൂടാതെദൈവത്തെ സ്നേഹിക്കുകയും, തങ്ങളുടെ ജീവിതത്തിൽ മറ്റെന്തിനേക്കാളും അപ്പുറമായി ദൈവത്തെ ആഗ്രഹിക്കുകയും ചെയ്യുന്നവരാണ്. അവർ ദൈവത്തെ തങ്ങളുടെ ജീവിതത്തിലൂടെ മഹത്വപ്പെടുത്തുവാൻ പ്രിയപ്പെടുന്നവരും, ദൈവത്തെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നവരുമാണ്. എല്ലാ കാലഘട്ടത്തിലും ഇത്ദൈവത്താൽ മാത്രംസാധ്യമാകുന്നു. ഇത്വിശ്വാസയോഗ്യമായ വസ്തുതയും സത്യവുമാണ്.

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെ നോക്കൂ, അവർഅവർദൈവത്തെ തിരഞ്ഞു ചെന്നവരല്ല, പ്രത്യുത യേശുതിരഞ്ഞെടുത്തവരാണ്. സത്യാന്വേഷികളാണ് (ദൈവത്തെ അന്വേഷിക്കുന്നവനാണ്) മനുഷ്യൻ എന്നൊരു പൊതുധാരണചിലരുടെയെങ്കിലും ഉള്ളിൽഉണ്ടാവാം. എന്നാൽതിരുവചനത്തിലുടനീളം നാംകാണുന്നതാകട്ടെ, മനുഷ്യനെ അന്വേഷിച്ചുകൊണ്ടു മനുഷ്യരിലേക്ക് ഇറങ്ങിവരുന്ന ദൈവത്തെയാണ്. ദൈവത്തിന്റെ മനുഷ്യാവതാരവും ഇതുതന്നെയാണ് നമുക്കു കാണിച്ചുതരുന്നത്. അതേ, എല്ലായ്പ്പോഴും ദൈവംനമ്മുടെ മുൻപിൽനടക്കുന്നു. ആദൈവത്തിന്റെ കാൽചുവടുകൾ പിൻപറ്റുവാൻ ദൈവംനമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു. ദൈവത്തെ അന്വേഷിച്ചുകൊണ്ട് ഭൂതലംമുഴുവൻചുറ്റിസഞ്ചരിക്കുന്ന ചിലർഎല്ലാമതവിശ്വാസങ്ങളിലുമുണ്ട്. അവരോടുചോദിച്ചാൽ "ഞാൻ ദൈവമുണ്ടോ എന്നുള്ള അന്വേഷണത്തിലാ"ണെന്നു പറഞ്ഞേക്കാം. എന്നാൽ ദൈവവചനം എന്നതിരുവെഴുത്തു നമ്മെ കൂട്ടികൊണ്ടു പോവുന്നത് സത്യദൈവത്തിലേക്കാണ്. ആ ദൈവത്തെ അനുഭവിക്കുന്നതിലൂടെ നമ്മിലെ പലചോദ്യങ്ങൾക്കും വിരാമമാവുകയായി.

DIVINE HOPE MISSIONARIES
BRISTOL

ദൈവത്തെ നാംഅറിയേണ്ടുന്നത് മനുഷ്യന്റെ നാവിലൂടെ പുറപ്പെടുന്ന സാഹിത്യപൂരിതമായ വാക്കുകൾകൊണ്ടോ മെനഞ്ഞെടുത്ത കഥാതത്തുല്യമായ ചിന്തകളിലൂടെയോ അല്ല, പ്രത്യുത, ദൈവത്താൽ നല്കപ്പെട്ട്ടതും ദൈവാത്മാവിനാൽ എഴുതപ്പെട്ടതുമായ സത്യവചനത്തിന്റെ അടിസ്ഥാനത്തിലും ദൈവീകഉപദേശങ്ങളിലും നിന്നുകൊണ്ടാണ്.

പൗലോസ്, ദൈവാത്മാവിൽ എഴുതിയിരിക്കുന്നതു ശ്രദ്ധിക്കുവിൻ,

ഗലാത്യർ 3:1
ഹാബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രംചെയ്തു മയക്കിയത് ആർ?

യേശുക്രിസ്തുവെന്ന സത്യം നമ്മുടെ കൺമുൻപിൽ ദൈവംനല്കിയിരിക്കുമ്പോഴും, നമ്മുടെ ഹൃദയവും കണ്ണും ആഗ്രഹങ്ങളും ആശകളുമെല്ലാം മറ്റെന്തിലൊക്കെയോ ചുറ്റിപ്പിണഞ്ഞിരിക്കുന്നു. ആഗ്രഹസാഫല്യത്തിനായും ജീവനആവശ്യങ്ങൾക്കായും അമാനുഷികമായ സഹായത്തിനായും ദൈവത്തെ വിളിക്കുവാൻ ഒരുശരാശരി ക്രിസ്തു വിശ്വാസിക്കു മടിയുണ്ടാവുകയില്ല. എന്നാൽനോക്കൂ, അതിനേക്കാൾ ഉന്നതമായ ഒരുആത്മീയചിന്തയാണ് ദൈവത്തോട് ചേർന്നുകൊണ്ട് സാദാജീവിക്കുക എന്നത്. ഈ വേദോപദേശാടിസ്ഥാനമായ ചിന്തയെ അഥവാദൈവത്തോടുള്ള ഈ ബന്ധത്തെ 'ദൈവത്തോടുള്ള കൂട്ടായ്മ' എന്നാണ് വിശുദ്ധ തിരുവെഴുത്തു വിളിക്കുന്നത്.

ക്രിസ്തുവിശ്വാസത്തിലുള്ള അനേകർ ഇന്ന്ചിന്തിച്ചിരിക്കുന്നതും, എന്നും ചിന്തിക്കുവാൻ ആഗ്രഹിക്കുന്നതും തങ്ങൾക്കു ദൈവത്തോട് കൂട്ടായ്മയുണ്ട് എന്നാണ്. എന്നാൽഅത്തരക്കാരുടെ ഈവാദം, വാസ്തവമോ അതോ സത്യവിരുദ്ധമോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മറ്റുള്ളവരെ ഉപദേശിക്കുവാൻ സമർത്ഥരും, എന്നാൽ സ്വയം ദൈവത്താൽ ഉപദേശിക്കപ്പെടുവാനും തിരുത്തപ്പെടുവാനും മടിയുമുള്ളവരാണ് നാം ഓരോരുത്തരും. അങ്ങനെചിന്തിക്കുമ്പോൾ, ക്രിസ്തു ശിഷ്യനായിരിക്കുന്ന ഒരുവ്യക്തിക്കു മറ്റുള്ളവരെ ആത്മീയമായി ഉപദേശിക്കുക എന്നത്ശ്രമകരമായ ഒരുകാര്യംതന്നേയാണ്. എന്നിരുന്നാലും ഇതിന്റെ ആവശ്യകതയെ പരിഗണിക്കുമ്പോൾ ഈആത്മീകഉപദേശം അവഗണിക്കുവാൻ ഒരുനാളും കഴിയുന്നതല്ല. അതിനാൽ 'ദൈവത്തോടുള്ള കൂട്ടായ്മ' എന്ന ഒരുവിഷയത്തെ നമുക്കു ലളിതമായി ആത്മാവിൽ മനസിലാക്കുവാനായി ശ്രമിക്കാം.

പഴയനിയമത്തിൽ ഉപവാസം പല ഇടങ്ങളിലും നാം കാണുന്നുണ്ട്. ദൈവത്തിന്റെ ഭൃത്യന്മാരും (പുറപ്പാട് 34:28, എസ്രാ 8:23, യെശയ്യാവ് 58:6, എസ്ഥേർ 4:16,നെഹെമിയാ 1:4, യോവേൽ 2:12) സാധാരണക്കാരും രാജാക്കന്മാരും (ദാനിയേൽ 10:3,),രാജ്യം തന്നേയും (യോനാ 3:5-9) ഉപവസിക്കുന്നത് നാം പഴയനിയമത്തിൽ കാണുന്നു. ലേവ്യപുസ്തകത്തിൽ (അദ്ധ്യായം 23) ശബ്ബത്തിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗം നോക്കുക. അവിടെ ശബ്ബത്ത് ജനത്തിന്റെ ആഗ്രഹത്തിനായുള്ളതല്ല എന്നും അത് യഹോവയായ നമ്മുടെ ദൈവത്തോടുള്ള നമ്മുടെ കൂട്ടായ്മയാണെന്നു വ്യക്തമായി നമ്മെ ഓർമിപ്പിക്കുന്നു. ജനത്തിന് ഒഴിച്ചുകൂടാനാവാത്ത ഈ ദിനത്തിന്റെ ആചാരണത്തെക്കുറിച്ചു ദൈവം മോശയോട് കൽപ്പിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ആചാരണത്തെക്കാളുപരിയായി ദൈവം പറഞ്ഞതിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ ഇസ്രായേൽ ജനം ശ്രമിക്കേണ്ടിയിരുന്നു. ഇന്നും, ആരാധനദിവസമായി നാം ആചരിക്കുന്ന ഞായറാഴ്ചയോ (വെള്ളിയാഴ്ചയോ) ആചാരണത്തെക്കാളപ്പുറമായി ജീവനുള്ള ദൈവത്തിനു നമ്മെത്തന്നെ പുതുക്കിസമർപ്പിക്കേണ്ടുന്ന നല്ലൊരവസരമായി കാണേണ്ടുന്നതാകുന്നു.

തന്നെത്തന്നെ മറക്കുകയും ദൈവത്തെ മാത്രംഓർക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ ആരാധനയായി നമ്മുടെ ബാക്കിയുള്ള ആറുദിനങ്ങൾ മാറേണ്ടുന്നതുമാകുന്നു. സത്യത്തിൽ ആഴ്ചയുടെ ആദ്യദിനം ദൈവത്തോടുള്ള നമ്മുടെ കൂട്ടായ്മയുടെ പ്രദർശനവും ദൈവാനുരൂപരായി ജീവിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തിന്റെ സമർപ്പണവുമായിത്തീരേണം. അങ്ങനെ ആദ്യദിനം ദൈവത്തോടുള്ള കൂട്ടായ്മയുടെ പുതുക്കവും ശേഷിക്കുന്ന ആറുദിനം ആത്മാവിലെ ശുശ്രൂഷകളുമായി തീരുമ്പോൾ നാം രാജകീയപുരോഹിതരെന്ന പദവിയെ അലങ്കരിക്കുന്നവരായിത്തീരുന്നു.

ദൈവവുമായുള്ള കൂട്ടായ്മ നമ്മിലുണ്ടാകണമെന്നു നമ്മെക്കാളും ആഗ്രഹിക്കുന്നത് ദൈവമാണ്. നാം മനുഷ്യനായി ഉരുവാകുന്നതിനുമുന്പേ ദൈവം നമ്മെ ദൈവത്തിനായി തിരഞ്ഞെടുക്കുകയും വേർതിരിക്കുകയും ചെയ്തിരിക്കുന്നു. പാപത്തിൽ നാം വസിച്ചപ്പോഴും ആ ദൈവസ്നേഹ നമ്മെ തേടി വന്നു. ശത്രുവിനേയും സ്നേഹിക്കേണമെന്ന ഏറ്റവും ഉദാത്തമായ മാതൃക നൽകികൊണ്ട് മാനുഷിക സ്നേഹത്തിന്റെ എല്ലാ സീമകളെയും ലംഘിച്ചുകൊണ്ടാണ് യേശു ശത്രുവിനെപ്പോലും സ്നേഹിയ്ക്കുക എന്ന കല്പന നമ്മോടു പറയുന്നത്. മാനുഷികമായി ചിലപ്പോഴൊക്കെ ഈ ദൈവീകകൂട്ടായ്മയ്ക്കായി മനുഷ്യൻ ആഗ്രഹിക്കുമെങ്കിലും, അതിനായി തയ്യാറെടുക്കുമെങ്കിലും, അത് നിലനിറുത്തുവാൻ മാനുഷികമായി കഴിയുന്നതല്ല. ഇവിടെ ദൈവാത്മാവിന്റെ സഹായം നമ്മിൽ കൂടിയേ തീരൂ. ഇപ്രകാരം ഒരുവൻ ദൈവത്തിൽ ആശ്രയിക്കുമ്പോഴാണ് ദൈവത്തോടുള്ള കൂട്ടായ്മക്കായി ഒരുക്കപ്പെടുന്നത്. ദൈവത്തിലുള്ള ആശ്രയം ഒരു ചെറിയ കാര്യമല്ല. അത് വിശ്വാസത്തിൽ നാം സകലവും ദൈവത്താൽ പ്രാപിക്കുവാനായുള്ള ഒരു ആയുധമാണ്.

ദൈവത്തിലുള്ള നമ്മുടെ ആശ്രയം നമ്മെ ദൈവീക ഏകാഗ്രതയിലേക്കു നടത്തുന്നു. ചുറ്റുപാടുകളാണ് പലപ്പോഴും നമ്മുടെ ഏകാഗ്രതയെ കെടുത്തിക്കളയുന്നതെന്നു നാം പറയാറുണ്ട്. എന്നാൽ, നമ്മുടെ 'ദേഹി' തലമാണ് ദൈവത്തോടുള്ള ഏകാഗ്രതയിൽനിന്നും നമ്മെ പിന്നോട്ട് വലിക്കുന്നത്. ഉദാഹരണമായി, നമ്മിലെ ഞാൻ എന്ന ഭാവം ഒരിക്കലും നമ്മുടേതായ കുറവുകളേയും കുറ്റങ്ങളേയും ഉൾക്കൊള്ളുവാൻ ആഗ്രഹിക്കുന്നില്ല.

DIVINE HOPE MISSIONARIES
BRISTOL

എപ്പോഴെങ്കിലും ഒരു പ്രയാസം എന്തെങ്കിലും വിഷയത്തിൽ നാം നേരിടുമ്പോൾ നമ്മിലെ ദേഹീതലം ചുറ്റുപാടുകളെയും വ്യക്തിജീവിതങ്ങളെയും പഴിപറയുവാൻ ശ്രമിക്കും. ഇപ്രകാരം, ഒരിക്കലും മെരുങ്ങുവാൻ ഒരുക്കമല്ലാതെ ഒരു ദേഹിയേയും വഹിച്ചുകൊണ്ടാണ് നാം യാത്ര ചെയ്യുന്നത്. എന്നാൽ തിരുവചനം പറയുന്നതുപോലെ, 'പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് ..' (പ്രവൃത്തികൾ 1:8) ഇവിടെ ദൈവാത്മാവ് രേഖപ്പെടുത്തുന്ന ദൈവാത്മാവിന്റെ ശക്തി നമുക്ക് പകരുന്നത് , ദേഹിയിൽ അഥവാ ജഡത്തിൽ ജീവിക്കുവാനുള്ള നമ്മിലെ സ്വയാശ്രയ ബോധത്തെ ഉടയ്ക്കുകയും അവിടേയ്ക്കു ദൈവാത്മാവിന്റെ ശക്തിയെ പകരമായി നൽകുകയും ചെയ്യുന്നതിനാണ്. ഈ അത്യന്ത ശക്തി ദൈവദാനമാണ്. സ്വയത്തിലും ദേഹിയിലും ജഡത്തിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു വേലചെയ്യുവാനുള്ള കൃപ പകരപ്പെടുകയാണ് ഇവിടെ ചെയ്യുന്നത്.

അങ്ങനെയെങ്കിൽ ദൈവത്തിൽ ആശ്രയം വയ്ക്കുവാനായി നമ്മെത്തന്നെ നാം വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ഭൗമീക വിഷയങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ 'പ്രാർത്ഥനപോരാട്ടങ്ങളും' ദൈവഹിതത്തിന്റെ ഉള്ളിലേക്ക് നാം സമർപ്പിക്കേണ്ടിയിരിക്കുന്നു. നമ്മിൽത്തന്നെ ആശ്രയിക്കാനും നമ്മിലെ മരിക്കാത്ത ജഡം ഇപ്പോഴും ആലോചന നല്കിക്കൊണ്ടിരിക്കും. അവയെ അവഗണിക്കുവാൻ ആത്മാവിൽ / അന്യഭാഷകളിൽ പ്രാർത്ഥിക്കുന്നത് ഉചിതം എന്ന് തോന്നുന്നു.

സ്വയത്തിൽ ആശ്രയിച്ചു ജീവിക്കുമ്പോൾ എന്തെന്നില്ലാത്ത ആകുലതയും കാരണമില്ലാത്ത മടുപ്പും നമ്മെ പിന്തുടർന്ന് പിടിക്കുന്നു. എന്നാൽ ദൈവാത്മാവിലേക്കു നാം വിട്ടുകൊടുക്കുമ്പോൾ ദൈവയിഷ്ട്ടങ്ങളിലേക്കുള്ള ഒരു ഏണിയിലേക്കു നാം കയറുകയായി (ഉല്പത്തി 28:12).

യേശുവുമായുള്ള കൂട്ടായ്മ അനുഭവിച്ച അനേകർ ഈ ഭൂമിയിൽ ഉണ്ടായിരുന്നു. അവരായിരുന്നു യേശുവിന്റെ ശിഷ്യന്മാരും അപ്പോസ്തോലന്മാരും. എന്നാൽ യേശുവിൽ നിന്നും അത്ഭുതങ്ങൾ ആഗ്രഹിച്ചു വന്ന അഥവാ അത്ഭുതങ്ങൾ ചെയ്യുവാൻ യേശുവിനെ പ്രേരിപ്പിച്ച മൂന്നു കൂട്ടരെപ്പറ്റി നാം മറന്നു പോവരുത്.

അതിൽ ഒന്നാമൻ പിശാചാണ്. യേശുവിനെ പരീക്ഷിക്കുവാനായി കടന്നുവരുന്ന സാത്താൻ പരീക്ഷകൾക്കിടയിൽ അത്ഭുതങ്ങൾ ചെയ്യുവാൻ യേശുവിനോടു ആവശ്യപ്പെടുന്നതായി (മത്തായി 4: 1-11|) നാം കാണുന്നു. രണ്ടാമത്തെ കൂട്ടർ യേശുവില്നിന്നും അത്ഭുതപ്രവൃത്തിക്കും അപ്പത്തിനും മാത്രമായി യേശുവിന്റെ കൂടെ കൂടിയവർ (യോഹന്നാൻ 6 :24-27). മൂന്നാമത്തെ വ്യക്തി ഹെരോദാവ് ആയിരുന്നു (ലുക്കോസ് 23 : 7 - 12). അവൻ യേശുവിന്റെ അത്ഭുതങ്ങളെ കാണുവാൻ മാത്രം ആഗ്രഹിച്ചു.

ഇങ്ങനെ അത്ഭുതങ്ങളെ മാത്രം പ്രതീക്ഷിച്ചു യേശുവിന്റെ അരികിലേക്കു വന്ന വ്യക്തികളെ നോക്കുവീൻ. അവരാരും ദൈവത്തെ കൂട്ടായ്മ ബന്ധത്തിൽ തിരിച്ചറിഞ്ഞില്ല. യേശുക്രിസ്തു അവരുടെ മുൻപിൽ തന്നെ ഉണ്ടായിരുന്നു. എന്നാൽ യേശുവിനേക്കാളുപരി അത്ഭുതങ്ങളെയും അടയാളങ്ങളെയും അവർ നോക്കികൊണ്ടിരുന്നു. എന്നാൽ പതിനൊരുവരായ ശിഷ്യന്മാരാകട്ടെ, യേശുവിന്റെ കൂടെ സമയം ചിലവഴിച്ചു. ദൈവാരാജ്യത്തെക്കുറിച്ചുള്ള വാക്കുകൾ യേശുവില്നിന്നു കേട്ട് വിശ്വസിച്ചു. തന്റെ മാർവ്വോടു ചേർന്നു പറ്റിയിരുന്നു. നോക്കൂ, അവർ മാത്രമാണ് യേശുവിനെ സ്നേഹത്താൽ അനുഭവിച്ചത്. അവരുടെ ലാഭങ്ങൾ നഷ്ടമായ് അവർ എണ്ണി. അവരുടെമേലാണ് ദൈവം തന്റെ ആത്മാവിനെ അയച്ചതും ലോകത്തിന്റെ അന്ത്യത്തോളം ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ ദൈവം ശുശ്രൂഷ നൽകിയതും. ഇന്നും നാം ജീവനോടെ ആയിരിക്കുന്ന ഈ സമയം ചിന്തിച്ചുകൊള്ളുക, നമ്മുടെ ആരോഗ്യം ക്ഷയിക്കുകയും ജീവൻ പോവുകയും ചെയ്യുന്നതിനുമുമ്പ് യേശുവിന്റെ ശിഷ്യന്മാർ യേശുവിനെ സ്നേഹത്താൽ അനുസരിച്ചതുപോലെ ആത്മാവിൽ അനുഭവിച്ചതുപോലെ നമുക്കും അനുഭവിക്കാം. ദൈവത്തിന്റെ വചനം ഇപ്രകാരം നമ്മോടു പറയുന്നു.

1 കൊരിന്ത്യർ 1
9 തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ.

വിശ്വസ്തനായ ദൈവം അവിശ്വസ്തരായ നമ്മെ തനിയ്ക്കായി വേർതിരിച്ചു നിറുത്തിയിരിക്കുന്നു. ഈ ലോകത്തിന്റെ മഹിമപ്രകാരം ജീവിക്കാതെ ദൈവീക ഇഷ്ടങ്ങൾക്കായി നമ്മെത്തന്നെ ഏൽപ്പിച്ചുകൊണ്ടു ദൈവവുമായുള്ള കൂട്ടായ്മയിൽ ആയിരിപ്പാനും ആത്മാവിൽ വളരുവാനും അനേകർക്ക് ഈ രക്ഷയുടെ സന്തോഷം പകർന്നു കൊടുക്കുവാനും നമുക്കു പ്രാർത്ഥിക്കാം. അത്ഭുതങ്ങളെക്കാളും അടയാളങ്ങളെക്കാളുമപ്പുറമാണ് ആത്മീയ ജീവിതത്തിന്റെ സന്തോഷമെന്നും നാം തിരിച്ചറിയുവാൻ ദൈവം നമ്മുടെ കണ്ണുകളെ ദൈവാത്മാവിൽ പ്രകാശിപ്പിക്കുമാറാകട്ടെ.

സങ്കീർത്തനങ്ങൾ 4
3 യഹോവ ഭക്തനെ തനിക്കു വേറുതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും.

നമുക്കു പ്രാർത്ഥിക്കാം.

നല്ല ദൈവമേ, ഞങ്ങൾക്ക് ഈ ഭൂമിയിൽ അങ്ങ് വീണ്ടും അവസരങ്ങളെ നൽകുന്നതിനായി അങ്ങേയ്ക്കു സ്തോത്രം ചെയ്തു പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളെയും വികാര വിചാരങ്ങളെയും ആഗ്രഹങ്ങളെയും ബുദ്ധിയെയും ഓർമ്മയേയും അങ്ങയുടെ കൈകളിയ്ക്കു തരുന്നു അപ്പാ. അങ്ങയോടുള്ള ഏകാഗ്രത വിട്ടു വഴിമാറി സഞ്ചരിക്കുവാൻ അങ്ങ് ഞങ്ങളെ അനുവദിക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു. എല്ലായ്പ്പോഴും അങ്ങയെ ആത്മാവിൽ അനുഭവിക്കാനും സ്നേഹിക്കാനും അങ്ങയുടെ പുത്രനായ യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ നടക്കുവാനും ഞങ്ങളെ സഹായിക്കേണമേ. അതിനായുള്ള സ്വർഗ്ഗീയ ജ്ഞാനം ഞങ്ങളുടെമേൽ പകരേണമേ. ഭൂമിയുടെ ഏതറ്റത്തോളവും അങ്ങയെ സാക്ഷീകരിപ്പാൻ ഞങ്ങളെ ശക്തീകരിക്കേണമേ. തളർന്ന അനേകം ഹൃദയങ്ങളെയും കൈകളെയും അങ്ങയുടെ ആത്മശക്തിയാൽ

DIVINE HOPE MISSIONARIES
BRISTOL

ശക്തിപ്പെടുത്തുവാൻ ഞങ്ങളെ ഉപയോഗിക്കേണമേ. അങ്ങയുടെ കൂട്ടായ്മയ്ക്കായി ദാഹിക്കുകയും കൊതിക്കുകയും ചെയ്യുന്ന ഒരു തലമുറയെ അങ്ങ് സ്പർശിക്കുകയും എഴുന്നേൽപ്പിക്കുകയും ചെയ്യുമാറാകേണമേ. സകല മാനവും മഹത്വവും സ്തുതിയും അങ്ങേയ്ക്കും മാത്രം അർപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ഉത്തരമരുളേണമേ, ആമേൻ.

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവത്തോടുള്ള സ്വയ സമർപ്പണവും അനുസരണവും ഒത്തുചേരുമ്പോൾ ദൈവം നമ്മിൽ അനുഭവമായിത്തീരുന്നു. മനുഷ്യനായി പിറന്ന ദൈവത്തെ അനുഭവമാക്കി നിത്യമായി ജീവിക്കുവാൻ ഇത് വഴിയൊരുക്കുന്നു.

യോഹന്നാൻ 15

4. എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.

WHEN WE TOTALLY GIVE OURSELVES OVER TO GOD AND DO WHAT HE SAYS, WE ACTUALLY FEEL GOD IN OUR LIVES. THIS OPENS THE DOOR TO REALLY KNOWING GOD, WHO CAME AS A HUMAN, AND LIVING WITH HIM FOREVER.

JOHN 15

4. ABIDE IN ME, AND I IN YOU. AS THE BRANCH CANNOT BEAR FRUIT OF ITSELF, EXCEPT IT ABIDE IN THE VINE; SO NEITHER CAN YE, EXCEPT YE ABIDE IN ME.

- DIVINE HOPE MISSIONARIES (BRISTOL, UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL